**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **24-02-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടലിൽ അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ബന്ധുകൾക്ക് ആനുകല്യങ്ങൾ നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനികളെ ഉൾപ്പെടുത്തി വകുപ്പ് മന്ത്രി പങ്കെടുത്ത് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ വെച്ച് യഥാക്രമം 28.12.2021, 15.01.2022 തീയതികളിൽ അദാലത്തുകൾ നടത്തുകയുണ്ടായി. അദാലത്തു കളിലായി 201 അപേക്ഷകൾ പരിഗണി ക്കുകയും 129 എണ്ണം തീർപ്പാക്കുകയും 12.44 കോടി രൂപ അനുവദിക്കുകയും ചെയ്തു. തീർപ്പാക്കാത്ത അപേക്ഷ കളിലെ ന്യൂനതകൾ പരിഹരിച്ച് 3 മാസത്തിനകം ഇൻഷ്വറൻസ് കമ്പനിക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസ മാണ് പലപ്പോഴും ഇൻഷ്വറൻസ് ആനുകൂല്യം പരിഗണിക്കുന്നതിനുള്ള കാലതാമസത്തിന് മുഖ്യ കാരണം.. ഇവ യഥാസമയം പരിശോധിക്കുന്നതിന് മത്സ്യബോർഡ് കമ്മീഷണർക്കും അപേക്ഷകൾ ന്യൂനതകൾ ഇല്ലാതെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കും ചുമതല നൽകിയിട്ടുണ്ട്. കൂടാതെ 3 മാസത്തി ലൊരിക്കൽ ഇൻഷ്വറൻസ് കമ്പനി കളുമായി അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകൾ അതിവേഗം തീർപ്പാക്കു ന്നതിന് മത്സ്യബോർഡിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മുഴുവൻ അശ്രിതർക്കും | (സി) | ഓഖി ദുരന്തത്തിൽ മരണമടഞ്ഞതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ? | | ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം സംസ്ഥാന ധനസഹായമായി റവന്യൂ വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. അതോടൊപ്പം ടി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾക്കും മറ്റ് അനുസാരികൾക്കും നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഓഖി ദുരനന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചവയിൽ ലൈസൻസും രജിസ്ട്രേഷനും ഇല്ലാത്ത യാനങ്ങളേയും കൂടി ഉൾപ്പെടുത്തി 6 ഘട്ടങ്ങളിലായി 481 പേർക്ക് 7.13 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19 ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.075 ലക്ഷം രൂപയും, 2019-20 ൽ 152 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 55 ലക്ഷം രൂപയും, 2020-21 ൽ 131 വിദ്യാർത്ഥികൾക്ക് 45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്തു ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ അനുവദിച്ചു. 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 32 പേരിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 12 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കടലിൽ അപകടത്തിപ്പെടുന്ന മത്സ്യ ത്തൊഴിലാളികളെ രക്ഷിക്കുന്ന തിനായി 3 മറൈൻ ആംബുലൻസുകൾ 3 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. കടലിൽ അപകട ത്തിൽപ്പെടുന്ന മത്സ്യത്തൊഴി ലാളികളെ രക്ഷിക്ക ന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷ |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. 612 പേർക്ക് പരിശീലനം നൽകി. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് 941 നാവിക് ഉപകരണങ്ങളും ആക്ടിവേറ്റ് ചെയ്ത 168 സാറ്റലൈറ്റ് ഫോണുകളും ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തു. ഓഖി പുനരധിവാസ പദ്ധതി യിലുൾപ്പെടുത്തി 12 എഫ്.ആർ.പി ബോട്ട് വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. 107 ബോട്ടുകൾ വിതരണം ചെയ്തു. ഓഖിയിൽ മരണപ്പെട്ടതും കാണാ തായതുമായ മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള ഫാക്ടറിയിൽ ജോലി നൽകി. 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ